ഉത്തരം

(എ&ബി) നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഏലത്തൂർ പഞ്ചായത്തിലെ ഇരഞ്ഞിക്കൽ പി.വി.എസ്. ഹൈസ്ക്കൂളിൽ സ.ഉ (എം.എസ്) 128/10/പൊ.വി.വ തീയതി 20-7-10 പ്രകാരം ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചിട്ടുണ്ട്.

സുനാമി പുനരധിവാസ പദ്ധതി പ്രകാരം എളംകുന്നപ്പുഴ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിന് അനുവദിച്ച തുക

99 (3853) ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതി പ്രകാരം എളംകുന്നപ്പുഴ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണ് ;

(ബി) ടി. ആർ. പി. പ്രകാരം ഞാറക്കൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂൾ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണ് ?

ഉത്തരം

(എ 61 ലക്ഷം രൂപ. (അറുപത്തിയൊന്ന് ലക്ഷം രൂപ)

(ബി) 80 ലക്ഷം രൂപ. (എൺപത് ലക്ഷം രൂപ)

കരുനാഗപ്പള്ളി ബി.ജെ.എസ്.എം.എം. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ

100 (3854) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി ബി.ജെ.എസ്.എം.എം. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഓരോ കോഴ്സിനും എത്ര സീറ്റു വീതമാണുള്ളത് ;

(ബി) ഓരോ കോഴ്സിനും സംവരണ സമുദായങ്ങൾക്ക് എത്ര സീറ്റു വീതമാണുള്ളതെന്ന് സമുദായം തിരിച്ച് വ്യക്തമാക്കുമോ ;

(സി) 2010-11 അദ്ധ്യയന വർഷത്തിൽ ഓരോ കോഴ്സിനും എത്ര പേർ വീതം അപേക്ഷിച്ചു ;

(ഡി) ഓരോ കോഴ്സിനും എത്ര പേർ വീതമുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു ;

(ഇ) ഓരോ സമുദായത്തിനും ഓരോ കോഴ്സിലും എത്ര പേർക്ക് വീതം സംവരണ സമുദായാടിസ്ഥാനത്തിൽ അഡ്മിഷൻ നൽകിയെന്നത് കോഴ്സ് തിരിച്ചും സമുദായം തിരിച്ചും പേരും മേൽവിലാസവും സഹിതം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രവേശനം നൽകാനായി ഓരോ കോഴ്സിന്റേയും റാങ്ക് ലിസ്റ്റിൽ എത്ര പേർ വീതം അവശേഷിക്കുന്നു ;

(ജി) അർഹതയുള്ള വിദ്യാർത്ഥികളെ ഏത് മാർഗ്ഗമാണ് പ്രവേശനത്തിന് ഹാജരാകണമെന്ന് അറിയിച്ചത് ;

(എച്ച്) റാങ്ക് ലിസ്റ്റിൽപ്പെടാത്ത ആർക്കൊക്കെ പ്രവേശനം നൽകി ;

(ഐ) മാനേജ്മെന്റ് കോട്ടയിൽ ആർക്കൊക്കെ പ്രവേശനം നൽകിയെന്ന് പേര് വിവരം സഹിതം വ്യക്തമാക്കുമോ ;

(ജെ) ചട്ടവിരുദ്ധമായി സംവരണാടിസ്ഥാനത്തിൽ അഡ്മിഷൻ നൽകിയതു സംബന്ധിച്ചും അർഹതയുള്ള വിദ്യാർത്ഥികളെ വിവരമറിയിച്ചതു സംബന്ധിച്ചും നിലനിൽക്കുന്ന പരാതിയെക്കുറിച്ച് ഒരു ഉന്നത ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 25 സീറ്റുവീതം.

(ബി)

ഈഴവർ	- 9%
മുസ്ലീം	- 8%
മറ്റ് പിന്നോക്ക ഹിന്ദുക്കൾ	- 5%
ലത്തീൻ കത്തോലിക്ക & എസ്.ഐ.യു.സി.	- 2%
മറ്റ് പിന്നോക്ക ക്രിസ്ത്യൻ	- 1%
പട്ടികജാതി	- 8%
പട്ടികവർഗ്ഗം	- 2%

(സി)

സിവിൽ	- 257
എം.എൽ.ടി.	- 296
മെയിന്റനൻസ് ആന്റ് ഓപ്പറേഷൻ ഓഫ് മെഡിക്കൽ എക്യൂപ്മെന്റ്	- 285
ട്രാവൽ ആന്റ് ടൂറിസം	- 292
ഓഫീസ് സെക്രട്ടറിഷിപ്പ്	- 295

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സിവിൽ - 257

എം.എൽ.ടി. - 296

മെയിന്റനൻസ് ആന്റ് ഓപ്പറേഷൻ ഓഫ് മെഡിക്കൽ എക്യൂപ്മെന്റ് - 285

ട്രാവൽ ആന്റ് ടൂറിസം - 292

ഓഫീസ് സെക്രട്ടറിഷിപ്പ് - 295

(ഇ) അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.*

(എഫ്) സിവിൽ - 15

എം.എൽ.ടി. - 18

മെയിന്റനൻസ് ആന്റ് ഓപ്പറേഷൻ ഓഫ് ബയോമെഡിക്കൽ എക്യൂപ്മെന്റ്സ് - 16

ട്രാവൽ ആന്റ് ടൂറിസം - 14

ഓഫീസ് സെക്രട്ടറിഷിപ്പ് - 16

(ജി) തപാൽ മാർഗ്ഗം.

(എച്ച്) റാങ്ക് ലിസ്റ്റിൽപ്പെടാത്ത ആർക്കും പ്രവേശനം നൽകിയിട്ടില്ല.

(ഐ) അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

(ജെ) ഇത്തരമൊരു പരാതി ലഭിച്ചിട്ടില്ല.

ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനാംഗീകാരം

101 (3855) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-നുശേഷം നിയമിതരായ ഹയർസെക്കണ്ടറി അദ്ധ്യാപകർക്ക് ആർക്കെങ്കിലും നിലവിൽ നിയമനാംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) നിയമനാംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിലെ അദ്ധ്യാപകർക്കാണ് നൽകിയിട്ടുള്ളത് ; എന്തുകൊണ്ടാണ് ആ സ്കൂളിലെ അദ്ധ്യാപകർക്ക് മാത്രമായി അംഗീകാരം നൽകിയത് ;

(സി) പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനാംഗീകാരം ലഭിക്കാത്ത ഹയർസെക്കണ്ടറി അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly